AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 137/2018 10.07.2018

# കർമ്മസേനകളെ കാർഷിക മേഖലയിലെ പ്രധാന തൊഴിൽ മേഖലയാക്കും : കൃഷിമന്ത്രി

കാർഷിക കർമ്മസേനകളുടെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിച്ച് കാർഷികമേഖലയിലെ പ്രധാന തൊഴിൽ മേഖലയാക്കിമാറ്റുമെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ പറഞ്ഞു. കൊല്ലം മുൻസിപ്പൽ കോർപ്പറേഷന്റെയും കൊല്ലം കൃഷിഭവന്റെയും നേതൃത്വത്തിൽ തുടങ്ങിയ കാർഷികകർമ്മസേനയ്ക്ക് ലഭിച്ച യന്ത്രങ്ങളുടെ പ്രവർത്തനോദ്ഘാടനം ടൗൺഹാളിന് അടുത്ത് നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊല്ലം മേയർ അഡ്വ. വി. രാജേന്ദ്രബാബുവിന്റെ അദ്ധ്യക്ഷതയിലായിരുന്നു സമ്മേളനം.

ഒരു ഉപഭോക്തൃസംസ്ഥാനമായിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ആശുപത്രികളുടെയും രോഗികളുടെയും എണ്ണം വർദ്ധിച്ചു വരികയാണെന്നും സ്വന്തമായി എല്ലാവരും കൃഷിചെയ്യാതെ ഈ പരിസ്ഥിതി മാറുകയില്ലെന്നും മന്ത്രി സൂചിപ്പിച്ചു. പരമാവധി സ്ഥലത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർമ്മസേനകളുടെ പ്രവർത്തനം വിപുലമാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 200 കർമ്മസേനകൾ ഈ വർഷം ആരംഭിക്കും. ഓരോ കർമ്മസേനയ്ക്കും 10 ലക്ഷം രൂപവീതം അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനതലത്തിൽ കർമ്മസേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പ്രത്യേക കമ്മീഷൻ തന്നെ രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക്തലത്തിൽ ഈ വർഷം 20 അഗ്രോസർവീസ് സെന്ററുകൾ പുതുതായി ആരംഭിക്കുന്നുണ്ട്. നിലവിൽ 52 ബ്ലോക്കുകളിലാണ് അഗ്രി സർവീസ് സെന്ററുകളാണുള്ളത്. കാർഷിക കർമ്മസേനകളുടെ നിയന്ത്രണം അതാത് അഗ്രോ സർവീസ് സെന്ററുകൾക്കായിരിക്കും.

കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായി പ്രകടമായ മാറ്റം കാർഷിക മേഖലയിൽ വന്നിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. നെൽകൃഷി വിസ്തൃതി 1.98 ലക്ഷം ഹെക്ടറിൽ നിന്നും 2.20 ലക്ഷം ഹെക്ടറാക്കി മാറ്റുവാനും പച്ചക്കറി ഉത്പാദനം 6 ലക്ഷം മെട്രിക് ടണിൽ നിന്നും 10.8 ലക്ഷം മെട്രിക് ടണായി വർദ്ധിപ്പിക്കാനും കഴിഞ്ഞു. ജൈവപച്ചക്കറികൃഷിയിലുണ്ടായ അവബോധം എടുത്തു പറയത്തക്ക നേട്ടമാണ്. കാർഷികസർവകലാശാല നടത്തിയ പഠനറിപ്പോർട്ടിൽ

സംസ്ഥാനത്തുല്പാദിപ്പിക്കുന്ന 96% ഉത്പന്നങ്ങളും കീടനാശിനിമുക്തമാണെന്ന് തെളിഞ്ഞിട്ടുണ്ട്. അതേ സമയം പുറമേ നിന്നു വരുന്ന പച്ചക്കറികളാകട്ടെ 48ശതമാനവും നിരോധിത കീടനാശിനികളുടെ സാന്നിദ്ധ്യമുള്ളതാണുതാനും. തണ്ണീർത്തടഭേദഗതി ബിൽ കൂടുതൽ പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതയാണ് ഒരുക്കിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

നഗരസഭാ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.എ. സത്താർ ചടങ്ങിന് സ്വാഗതം പറഞ്ഞു. ജില്ലാ കൃഷി ഓഫീസർ പി. എച്ച്. നജീബ് പദ്ധതി വിശദീകരണവും നഗരസഭ സെക്രട്ടറി വി.ആർ. രാജു റിപ്പോർട്ടും അവതരിപ്പിച്ചു. ഡെപ്യൂട്ടി മേയർ വിജയ ഫ്രാൻസിസ്, മറ്റു നഗരസഭ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ സംസാരിച്ചു. കൃഷി ഫീൽഡ് ഓഫീസർ ആർ. രാമചന്ദ്രൻ ചടങ്ങിന് നന്ദിയും അറിയിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**